(സി) ചില ഓഫീസുകളിൽ നിലവിലുണ്ടായിരുന്ന യു.ഡി.സി.-മാരെ അക്കൗണ്ടന്റുമാരായി നിയമിച്ചപ്പോൾ പ്രസ്തുത സീറ്റുകളിൽ ഉണ്ടായിരുന്ന ജോലി മുടങ്ങിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല. 26-6-2009-ൽ ആണ് ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലിക അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചിട്ടുള്ളത്. അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചതിന്റെ അടിസ്ഥാനത്തിൽ 18 ഗ്രാമ പഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്ക് തസ്തിക അക്കൗണ്ടന്റ് തസ്തികയായി പുനർനാമകരണം ചെയ്തും 642 ഗ്രാമപഞ്ചായത്തുകളിലെ യു.ഡി. ക്ലാർക്ക് തസ്തിക അക്കൗണ്ടന്റ് തസ്തികയായി ഉയർത്തിയും 339 ഗ്രാമപഞ്ചായത്തുകളിൽ പുതുതായി അക്കൗണ്ടന്റ് തസ്തിക സൃഷ്ടിച്ചും ഉത്തരവായി.

(ബി) പഞ്ചായത്ത് വകുപ്പിലെ സീനിയർ യു.ഡി. ക്ലാർക്കുമാർക്ക് അക്കൗണ്ടന്റ് തസ്തികയിൽ ആവശ്യമായ പ്രാഥമിക പരിശീലനം നൽകി ഉദ്യോഗക്കയറ്റം മുഖേന ഇത്തരം തസ്തികകളിൽ നിയമനം നൽകിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുവഴി ജീവനക്കാരുടെ എണ്ണത്തിൽ കുറവു വരാത്തതുകൊണ്ട് ജോലി മുടങ്ങുന്ന സാഹചര്യമില്ല.

(ഡി) ബാധകമല്ല.

വില്ലേജ് എക്സ്റ്റൻഷൻ ആഫീസറുടെ ചുമതലകൾ

177(385) ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമവികസനവകുപ്പിൽ ഓരോ ഗ്രാമപഞ്ചായത്തിലും എത്ര വില്ലേജ് എക്സ്റ്റൻഷൻ ആഫീസർമാർ ഉണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) സ്പെഷ്യൽ റൂൾ അനുസരിച്ച് എന്തെല്ലാം ജോലികൾ ആണ് വി. ഇ.ഒ.-മാരിൽ നിക്ഷിപ്തമായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഒന്നിൽ കൂടുതൽ വി. ഇ. ഒ മാർ ഉണ്ടെങ്കിൽ അവരുടെ ജോലികൾ വീതിച്ച് നൽകുന്നത് ഏത് വ്യവസ്ഥയിലാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ജോലിഭാരം കണക്കിലെടുത്ത് പ്രസ്തുത ജീവനക്കാർക്ക് യാത്രാബത്ത, കുടുംബശ്രീ ചാർജ്, അലവൻസ് എന്നിവ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഗ്രാമവികസനവകുപ്പിൽ ഓരോ ഗ്രാമപഞ്ചായത്തിലും ശരാശരി 2 വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ വീതം ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്പെഷ്യൽ റൂളിൽ വി.ഇ.ഒ.മാരുടെ ജോലികളെ സംബന്ധിച്ച് പ്രതിബാധിക്കുന്നില്ല.

(സി) ഒന്നിൽ കൂടുതൽ വി. ഇ. ഒ-മാരുള്ള പഞ്ചായത്തുകളെ വാർഡുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ വി. ഇ. ഒ സർക്കിൾ രൂപീകരിച്ചാണ് ജോലികൾ വീതിച്ച് നൽകുന്നത്.

(ഡി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർക്ക് യാത്രാബത്ത, സ്ഥിരം യാത്രാപ്പടി എന്നിവ ഗ്രാമവികസന വകുപ്പിൽ നിന്നും യഥാസമയം നൽകുന്നുണ്ട്. കുടുംബശ്രീയുടെ ചുമതല അതേൽപ്പിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഉത്തരവാദിത്വത്തിന്റെ ഭാഗമായതിനാൽ അതിന് പ്രത്യേക അലവൻസ് ലഭ്യമാക്കാൻ സാധിക്കുകയില്ല.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ശമ്പളം വർദ്ധിപ്പിക്കാൻ നടപടി

178(386) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്തുകളിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് ചുമതലയുള്ള നിർവ്വഹണ ഉദ്യോഗസ്ഥർ ആരൊക്കെയാണ് ;

(ബി) ഓരോ തസ്തികയിലുമുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ ശമ്പള സ്കെയിൽ എത്രയാണ് ;

(സി) മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരെ അപേക്ഷിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ശമ്പള സ്കെയിലിൽ എത്ര രൂപയുടെ കുറവാണ് ഉള്ളത് ;

(ഡി) ഓരോ ഗ്രാമപഞ്ചായത്തിലും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ശരാശരി എത്ര ലക്ഷം രൂപയാണ് ഓരോ വർഷവും ചെലവഴിക്കുന്നത് ;

(ഇ) പദ്ധതി നിർവ്വഹണം മാത്രമല്ലാതെ മറ്റെന്തൊക്കെ ജോലികളാണ് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാർ ഗ്രാമപഞ്ചായത്തുകളിൽ നിർവ്വഹിക്കുന്നത്;

(എഫ്) ഇത്രയധികം തുക ചെലവഴിക്കുകയും ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസർ പദവി ഉള്ളതുമായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ശമ്പളസ്കെയിൽ ക്രമാതീതമായി കുറച്ച് ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചതിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ജി) വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ ശമ്പളം വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly